മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) :

(എ) 67,970 രൂ. 3 ണ.

(ബി) 35,211 രൂ. 11 ണ. 9 സ.

മെഡിക്കൽ റാഷണലൈസേഷൻ കമ്മിറ്റി റിപ്പോർട്ട്.

* 55. [62] ശ്രീമത്. കെ. ആർ. ഗൗരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) റാഷണലൈസേഷൻ കമ്മിറ്റി റിപ്പോർട്ട് സമർപ്പിച്ചു കഴിഞ്ഞോ;

(ബി) കൊല്ലം ഡിസ്പെൻസിലേയ്ക്ക് എത്ര അലോപ്പതി ആശുപത്രി പുതുതായി റെക്കമൻഡ് ചെയ്തിട്ടുണ്ട്;

(സി) കുറഞ്ഞുപോകാൻ കാരണമെന്ത്;

(ഡി) അപേക്ഷിച്ചിരുന്ന സ്ഥലത്തെല്ലാം അനുവദിച്ചിട്ടുണ്ടോ?

ആരോഗ്യവകുപ്പ് മന്ത്രി (ശ്രീ. എ. എ. റഹിം) :

(എ) സമർപ്പിച്ചുകഴിഞ്ഞു.

(ബി) 12.

(സി) കുറഞ്ഞുപോയിട്ടില്ല.

(ഡി) മോഡേൺ മെഡിക്കൽ ആശുപത്രികളുടെ സ്ഥാപനത്തിനു കമ്മിറ്റി സ്വീകരിച്ചിട്ടുള്ള മാനദണ്ഡമനുസരിച്ചു കൊല്ലം ഡിസ്പെൻസിക്ക് ആവശ്യമെന്നു കണ്ടിടത്തോളം അലോപ്പതി ആശുപത്രികളും അനുവദിച്ചിട്ടുണ്ട്.

വെളിയിലുള്ള അഗ്രിക്കൾച്ചറൽ കോളേജുകളിൽ തിരഞ്ഞെടുത്തയച്ച വിദ്യാർത്ഥികൾ.

* 56. [63] ശ്രീ. ടി. ഒ. ബാവാ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യ മന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തിനു വെളിയിൽ അഗ്രിക്കൾച്ചറൽ കോളേജുകളിൽ എത്ര വിദ്യാർത്ഥികളെ ഈ കൊല്ലം തിരഞ്ഞെടുത്തയച്ചിട്ടുണ്ട്;

(ബി) അവർ ഏതെല്ലാം സമുദായത്തിൽപ്പെട്ടവരാണ്?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) കോയമ്പത്തൂർ അഗ്രിക്കൾച്ചറൽ കോളേജിലേയ്ക്കു രണ്ടു പേരെ തിരഞ്ഞെടുത്തയച്ചിട്ടുണ്ട്.

(ബി) (1) ക്രിസ്ത്യൻ (ലാറ്റിൻ കത്തോലിക്കൻ)

(2) നായർ.

LIBRARY ARCHIVES Kerala Legislative Assembly